മാധ്യമം

**19 February 2017**

# കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങൾക്ക് പ്രതിവിധി വേണം -ഗവർണർ

- സി.എം.എഫ്.ആർ.ഐ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന് തുടക്കം

കൊച്ചി: കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്താൻ ശാസ്ത്രസമൂഹം മുന്നോട്ടുവരണമെന്ന് ഗവർണർ ജസ്റ്റിസ് പി. സദാശിവം. കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൻെറ (സെൻട്രൽ മറൈൻ ഫിഷറീസ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് -സി.എം.എഫ്.ആർ.ഐ) 70ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സി.എം.എഫ്.ആർ.ഐയിലെ ഗവേഷണങ്ങളും നിയമനിർമാണങ്ങളും മത്സ്യമേഖലയെ ആശ്രയിക്കുന്നവർക്ക് പ്രാധാന്യം നൽകണം. നയരൂപവത്കരണത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ഊന്നൽ നൽകണം. മലിനീകരണം, കാലാവസ്ഥവ്യതിയാനം തുടങ്ങി നിരവധി കാരണങ്ങൾ സമുദ്ര ആവാസവ്യവസ്ഥക്ക് ഗുരുതര ഭീഷണിയാണെന്നും പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവേഷകർ പ്രാധാന്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

അമിതവണ്ണവും കൊളസ്ട്രോളും കുറക്കുന്നതിന് സി.എം.എഫ്.ആർ.ഐ കടൽ പായലിൽനിന്ന് നിർമിച്ച മരുന്ന്, മീനുകളെ തിരിച്ചറിയാൻ സഹായിക്കുന്ന മൊബൈൽ ആപ് എന്നിവ ഗവർണർ പുറത്തിറക്കി. സി.എം.എഫ്.ആർ.ഐയുടെ പഠന റിപ്പോർട്ടുകളും പ്രകാശനം ചെയ്തു. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കിയ പോസ്റ്റൽ കവറും ഗവർണർ പ്രകാശനം ചെയ്തു.

കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു.

ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഗവേഷണപദ്ധതികൾ വിശദീകരിച്ചു. എം.പി.ഇ.ഡി.എ ചെയർമാൻ ഡോ. എ. ജയതിലക്, കേരള മധ്യമേഖല പോസ്റ്റ് മാസ്റ്റർ ജനറൽ സുമതി രവിചന്ദ്രൻ, ഡോ. ജി. മഹേശ്വരുഡു എന്നിവർ സംസാരിച്ചു. വർഷം നീളുന്ന ആഘോഷവുമായി ബന്ധപ്പെട്ട് സി.എം.എഫ്.ആർ.ഐയുടെ കൊച്ചി ആസ്ഥാനത്തും രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലെ 11 ഗവേഷണ കേന്ദ്രങ്ങളിലും വിപുല പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## കാലാവസ്ഥ വ്യതിയാനം പഠിക്കാൻ രാജ്യാന്തരതലത്തിൽ പദ്ധതി

കൊച്ചി: രാജ്യത്തെ സമുദ്രമത്സ്യ മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) പുതിയ ഗവേഷണപദ്ധതികൾക്ക് തുടക്കമിടുന്നു.

കാലാവസ്ഥവ്യതിയാനം കാരണം മത്സ്യമേഖലക്കുണ്ടായ പ്രത്യാഘാതം വിശദമായി മനസ്സിലാക്കാനും പരിഹാരമാർഗം നിർദേശിക്കാനും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൻെറ സഹകരണത്തോടെ പഠനം നടത്തും. ഒരു വർഷം നീളുന്ന പ്ലാറ്റിനം ജൂബിലി ആഘോഷപരിപാടി സമാപിക്കുന്നതോടെ ഗവേഷണ ഫലം പുറത്തുവിടും.

ചൂരമത്സ്യം കടൽ കൂടുകൃഷി വഴി ഉൽപാദിപ്പിക്കുന്നതിന് ശ്രമം ആരംഭിക്കും. ഇന്ത്യയിൽ ആദ്യമായി ചൂരമത്സ്യത്തിൻെറ വിത്തുൽപാദനവും പ്രജനന സാങ്കേതികവിദ്യകളും സി.എം.എഫ്.ആർ.ഐ വികസിപ്പിക്കും. ദേശീയ സമുദ്രകൃഷിനയം രൂപവത്കരിക്കാൻ കേന്ദ്രസർക്കാറിന് മാർഗനിർദേശം സമർപ്പിക്കും. കടലിലെ ഉപരിതല മത്സ്യസമ്പത്ത് പരിപാലനവുമായി ബന്ധപ്പെട്ട് ഉപഗ്രഹ സഹായത്തോടെയുള്ള ഗവേഷണങ്ങൾക്ക് തുടക്കം കുറിക്കുമെന്നും ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.



സി.എം.എഫ്.ആർ.ഐ പ്ലാറ്റിനം ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യാനെത്തിയ ഗവർണർ ജസ്റ്റിസ് പി. സദാശിവത്തെ തിലകം ചാർത്തി സ്വീകരിക്കുന്നു. സമീപം ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ